(ബി)

| | | |
|---|---|---|
| 2005-06 | - | 52,21,067 രൂപ |
| 2006-07 | - | 1,56,23,296 രൂപ |
| 2007-08 | - | 1,14,24,484 രൂപ |
| 2008-09 | - | 5,89,68,721 രൂപ |
| 2009-10 | - | 4,02,23,386 രൂപ |

(സി) വിജയകരമായി നടത്തിവരുന്നു.

**നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതി**

**72 (133)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചു എന്നും എത്ര തുക ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതി വഴി 1,11,53,000 (ഒരു കോടി പതിനൊന്നു ലക്ഷത്തി അൻപത്തിമൂവായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നിന്നുള്ള 285 അപേക്ഷകർക്ക് നാളിതുവരെ 22,54,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന്റെ പ്രയാസങ്ങൾ**

**73 (134)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ ജോലിസ്ഥലങ്ങളിൽ മരണമടഞ്ഞാൽ അവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ബന്ധുക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ സർക്കാർ നൽകിവരുന്നതും ഇനി നൽകാൻ ഉദ്ദേശിക്കുന്നതുമായ സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly